പ്രായഃ പിത്തത്തിനാകാ, പുനരഴകില്ല നെ-
ല്ലിഫലം ഡാഡിമഞ്ച. ൯

* ചവർ=ചവർപ്പുരസം, † വിളാര്=വ്ളാംക.

ഇന്തുപ്പു സൌവർച്ചലമുപ്പു കാര-
പ്പാദിസ്സസീസോ ലവണോ ഗണോഽയം
സേവാതിയോഗേ പവനാസ്രകുഷ്ഠ-
വീസർപ്പതൃഷ്ണാപലിതാദി കാണാം. ൧൦

ബ്രഹ്മീ വാശാ പടോലീ കുളിരമൃതുവിഷോ-
ഗ്രാപമാർഗ്ഗാംബു സേവ്യം
കാർച്ചുണ്ടാനിംബ*കാവെള്ളരിനിശകൾ ബൃഹ
ത്യാവയഃ കാംസ്യരൂപ്യാഃ
മൂർവാ വൻപഞ്ചമൂലീ കുടചകടുകപാ-
ഠാകിൽ തിക്തോ ഹി പിത്ത-
ശ്ലേഷ്മഘ്നോ മിക്കതും കച്ചതു പവനരുഷേ
സ്യാൽ പടോലാമൃതേ ന. ൧൧

നൽകായം പഞ്ചകോലം മുളകു ഹരിതകാ-
ദ്യസ്ഥ കുഠേരാദികാ വൈ
പിത്തം മൂത്രം ശിലാ ചേർ കടുകമപി, കടുക-
ശ്ലേഷ്മഹാ വർഗ്ഗ ഏഷഃ
തൽക്ലേഹാദീൻ വരട്ടും ഗളഗദമൊരുഭ-
ദ്രാദികം ചാപി വെല്ലും
പ്രായോ വാതസ്യ കോപം ദിശതി കടുകമു-
ളകീ കണാ ചുക്ക വർജ്യം. ൧൨

പത്ഥ്യാ താന്നി ശിരീഷം ഖദിരമധുകട-
മ്പത്തിമുക്താ പ്രവാളം
ഞാഴൽപൂ ലോധ്രകാവ്യഞ്ജനമപി വിസമ-
പ്പത്മകന്ദോല്പലങ്ങൾ
സോഽയം വർഗ്ഗഃ കഷായോ ജയതി കനൽകഫൌ
രക്തശുദ്ധ്യൈവ നല്ലോ-
ന്നേതൽ പ്രായേണ ശീതം ഭവതി ചവറിഹ
സ്തംഭനം നൈവ പത്ഥ്യാ. ൧൩

കടുക്ലലോണാമ്ലരസാ യഥോക്തം
വീര്യേണ സോഷ്ണാഃ ക്രമശോ ഭവന്തി
കൈപ്പുച്ചവർപ്പോടു മധുരമേതേ
വീര്യേണ ശീതാശ്ച തഥാ ഭവന്തി. ൧൪

* കാവെള്ളരി=കാട്ടുവെള്ളരി.

കൈകപ്പോടെരിപ്പുകഷായാ
ബദ്ധമലാ രൂക്ഷണാ ക്ലേദോപരി തേ
പടുപുളിമധുരരസാസ്സ്യ-
സ്തദനൽ സ്നിഗ്ദ്ധാശ്ച സൃഷ്ടവിൺമൂത്രാഃ. ൧൯

ഇതി രസഭേദീയാദ്ധ്യായഃ.

## അദ്ധ്യായം ൯.

## ദോഷാദിവിജ്ഞാനീയം.

കറുക്ക മെലികണ്ണുകാമത വിറയ്ക്ക വിട്ടിൻഗ്രാഹം
കനക്ക വയർവീക്ക് ദീനത ബലംക്ഷയിച്ചീടുക
ഉറക്കകിഴികിന്ദ്രിയക്ഷതി വിലാപമെന്നിത്തരം
ഭ്രമശ്ച ബഹു ലക്ഷണം മരുതി തത്ര വൃദ്ധേ യദി. ൧

വായൌ ക്ഷീണേ പുനർമെയ്തളരുക കുറക-
ച്ചേഷ്ടിതാഭാഷണം പോൽ
സംജ്ഞാനാശം തണുത്തീടുക മനക്കെട്ടുകാ-
ലസ്യമമ്മാന്ദ്യരോഗം
കാസശ്വാസാതിനിദ്രാപ്തികൾ വപുഷി ഗുരു-
ത്വം ച നേത്രാദിശൈത്യം
ഗാത്രസ്രംസം പ്രസേകം കഫഗദിതദാ
മററുമേതാദൃശാ സ്യുഃ. ൨

വിണ്മൂത്രസനഖനേത്ര-
ത്വക്കുകൾക്കൊയ് മഞ്ഞളിക്ക ദന്തമപി
ഏരിക വിശക്ക വിയർപ്പോടു
തൃഷ്ണയുമിവ പിത്തവൃദ്ധിജാ രോഗാഃ. ൩

പിത്തം ക്ഷയിച്ചാൽ പെടുമഗ്നിമാന്ദ്യം
കാന്തിക്കു കാണാമൊരു ഹാനി കൂടെ
അത്യന്തമംഗം ച തണുത്തുതോന്നും
മററും വിചാരിച്ചറികീദൃശങ്ങൾ. ൪

ഉറക്കേറുകാലസ്യമേററം പ്രസേകം
കനത്തീടുകംഗം കനൽകേടു ശൈത്യം
വെളുത്തീടുകന്നേത്രമൂത്രാദിയെല്ലാം
കരസ്ക്കേണ്ടുകേതേ കഫോദ്വൃദ്ധിരോഗാഃ. ൫

തലതിരിക ശ്ലേഷ്മാശയ-
ശ്ശൂന്യത്വം സന്ധയോഽഥ കൃശതാ തഥാ
ഹൃദ്രവമെഴുകൊരുനിദ്രയു-
മിവ ഖലു ലിംഗം കഫേ ക്ഷീണേ. ൬

വൃദ്ധോ ഹി വായുർമ്മധുരാമ്ലഭോജ്യ-
സ്നിഗ്ദ്ധാശനേ കാംക്ഷിതമാതനോതി
ക്ഷീണസ്തു വായുസ്സകഷായരൂക്ഷ-
ഭോജ്യേഷു ചൊല്ലാമഭിലാഷകസ്സ്യാൽ. ൭

വർദ്ധിച്ചപിത്തം മധുരേഽപി ശീതേ
തിക്തേ കഷായേ ച മതിം ദദാതി
ക്ഷയിച്ചപിത്തം പുനരമ്ലലോണ-
കടൂനകാംക്ഷാഞ്ച തഥാ കരോതി. ൮

ശ്ലേഷ്മാ വിവൃദ്ധഃ കടുരൂക്ഷതിക്ത-
കഷായഭോജ്യേഷു മതിം വിധത്തേ
ക്ഷീണോഽയമാശാം പുനരാദധാതി
സ്നിഗ്ദ്ധാമ്ലലോണേ മധുരാശനേ ച. ൯

ഒരുത്തന്റെ പിത്തക്ഷയേ ചാപി വായു-
ർമ്മതിസ്നിഗ്ദ്ധഭോജ്യേഷു കാംക്ഷാവഹസ്സ്യാൽ
തടിച്ചോരുപിത്തഞ്ച കസ്യാപി പുംസഃ
കൊടുക്കുന്നിതൊട്ടമ്ലലോണാശനാശാം. ൧൦

വൃദ്ധമാം കഫവും പിന്നെ കസ്യചിന്മാനുഷസ്യ തു
മധുരാമ്ലാദിഭോജ്യത്തിൽ കരുതേ സ്വം കുതൂഹലം. ൧൧

ഇതി ദോഷാദിവിജ്ഞാനീയാദ്ധ്യായഃ.

---

## അദ്ധ്യായം ൧൦.

## ദോഷഭേദീയം.

പക്വാശയത്തുടകൾകടീ
ശ്രോത്രാസ്ഥിസ്പർശനേന്ദ്രിയങ്ങളിവ
ഒക്കെയുമില്ലം പവനനു
പക്വാശയമത്ര വൈ വിശേഷേണ. ൧

നാഭിയൊടാമാശയമ-
സ്വേദലസീകേ തഥാ ച രുധിരരസൌ
ദൃക്സ്പർശനമിവ പിത്ത-
സ്ഥാനം കില നാഭിയാം വിശേഷേണ. ൨

നെഞ്ചു കഴുത്തു ശിരഃ ക്ലോ-
മാമാശയപർവ്വണീ രസശ്ച തഥാ
മേദോ നാസിക നാവപി
ധാമ കഫത്തിന്നുരോ വിശേഷേണ. ൩

പ്രാണനുദാനവ്യാനൌ
തദനു സമാനസ്തഥാ ഹ്യപാനോ ഹി
ഇതി പഞ്ചാത്മാ വായുഃ
സ്ഥിതിമപി തേഷാം പൃഥക്കമൊട്ടു ചൊല്ലാം. ൪

പ്രാണോവായുശ്ശിരസ്ഥോ ഭവതി, പുനരുദാ-
നന്നുരോവീടു, ഹൃദ്ഗോ
വ്യാനോ വൈ, തന്നിബദ്ധാഃ ക്രിയകളിഹ ഗുണാം
ഗത്യവക്ഷേപണാദ്യാഃ
അഗ്നേരന്തേ സമാനസ്ഥിതി, വസതിരപാ-
നന്നപാനേ, യഥോക്തം
കീഴ്മേൽസഞ്ചാരിണാമാവരണമപി ഇലോം
തമ്മിലേഷാം വരുന്നു. ൫

വായോർഗ്രീഷ്മേ ചയസ്സ്യാദഥ വരിഷകളിൽ
കോപമാഹുസ്സരൽകാ-
ലേ ശാന്തിഞ്ചാപി കാണാം വരിഷകളിലിനി-
പ്പിത്തമീടീടുവൊന്നു്
കോപം വൈ ശാരദേഽസ്യ പ്രശമമിനിയഹേ-
മന്തകാലത്തു ശീതേ
കാലേ ശ്ലേഷ്മാ ചിതസ്സ്യാൽ കുപിതമതു വസ-
ന്തേ ശമം യാതി ഘർമ്മേ. ൬

പിത്തംപോലെ ശരൽക്കാലേ കോപിപ്പൊന്നിനി രക്തവും
കടച്ചുലോണതീക്ഷ്ണങ്ങളുഷ്ണവീര്യങ്ങളൊക്കെയും. ൭

ജാംഗലംദേശവും പിന്നെ കോപത്തിന്നസ്യ മൂലമാം
സ്വാദുതിക്തകഷായങ്ങൾ ശീതവീൎയ്യങ്ങളൊക്കെയും. ൮
ഹേമന്തമസ്സിരാദ്യവധമാന്ത്യപവുമടക്കമാം.

കാലസ്വഭാവോയമിവണ്ണമാവൂ
തഥാപി ദോഷങ്ങൾ പൊട്ടന്നെപ്പിൻ
ചയപ്രകോപപ്രശമാഖ്യവസ്ഥാ-
മാഹാരചേഷ്ടാദിവശാദ് ഭജന്തേ. ൯

മറയ്ക്ക വിളൎക്ക തഥാ നോവുണ്ടാക വിറയ്ക്കതാൻ
ചുളുന്നനക്കളുക്കയും കോച്ചിക്കൊൾക വലിക്കയും ൧൦

കിഴിഞ്ഞുപോക കുഴക വീക്ക വേറിട്ടുതോന്നുക
മലമൂത്രാദിതടക വൻകടച്ചിൽ തരിക്കയും ൧൧

ശോഷിക്ക പരുഷത്വഞ്ച നിറഞ്ഞിട്ടിവസ്താനുക
വട്ടത്തിൽ തുളയുണ്ടാക മേലുരങ്ങുകരേറുക ൧൨

തളച്ച് വീങ്ങുക തഥാ തുളളിത്തുള്ളിയിരിക്കയും
വാ ചവൎക്ക നിറം പച്ചളിക്കതാനരുണിക്കതാൻ ൧൩

ഇച്ചൊന്നലക്ഷണം കാണ്കിൽ വാതത്തിൻ കൎമ്മമെന്നറി.
തൊട്ടാൽ ചുടുക വട്ടപ്പുൺ ചൂടെട്ടക്ക ചൊരുക്കുക ൧൪

തളച്ച് കാൽകൈചുടുക വിയൎക്ക ശിരസോഭ്രമം
പഴുക്ക നാലവുണ്ടാക നിദ്രാഹാനി വിശക്കയും ൧൫

നേത്രമൂത്രനഖാദീനാം മഞ്ഞളിക്കനിറം പുനഃ
വായെരിക്ക പുളിന്തേക്കലിവ പിത്തസ്യ കൎമ്മമാം. ൧൬

കനത്തുപോക ചൊറിക നെയ്ച്ചിരിക്ക തണുക്കയും
പൂചിത്തോന്നുക വീക്കഞ്ച തൊട്ടാൽ കട്ടകട്ടുക്കയും ൧൭

മടിക്ക മാന്ദ്യമാലസ്യമുറക്കേറുകയും പുനഃ
അപക്തി വായിൽനീർവാച്ച് നേത്രാദികൾ വെളുക്കയും
[൧൮

സ്തൈമിത്യം വാ മധുത്തിട്ടകെന്നിയേ ലവണിക്കതാൻ
കഫം ചെയ്യുന്ന കൎമ്മങ്ങളിവയെന്നും വിദുർബ്ബുധാഃ. ൧൯

ഇതി ദോഷഭേദീയാദ്ധ്യായഃ

## അദ്ധ്യായം ൧൧.

### ദോഷോപക്രമണീയം.

സ്നേഹസ്വേദനിഷേവാ മൃദുശുദ്ധ്യഭ്യംഗവസ്തിധാരകളും മധുരാമ്ലസലവണസുഖോഷ്ണാന്നാദികളും ചികിത്സ വായോർഹി. ൧

പിത്തത്തിനു കൊള്ളത്താവസ്തു ഘൃതസേ-
വാ സ്വാദുശീതൈർവ്വിരേ-
കത്തെച്ചെയ്ക പടോലമുദ്ഗനവിരാ-
ന്നാഹാരഖണ്ഡാദികൾ
സ്വാദുസ്തിക്തകഷായമാമശനവു-
പുൽപഞ്ചമൂലാദിയും
നല്ലാന്നേവ വിശേഷതസ്തു ഹിതമാം
പാൽ നെയ് വിരേകോപ്തി ച ൨

ശ്ലേഷ്മാവിന്നഥ നല്ലതിന്നിവ മതം
തീക്ഷ്ണാ വിരേകക്രിയാ
രൂക്ഷോഷ്ണാല്പകഷായതിക്തകടുകാ-
ഹാരം തഥാ ജാഗരം
വ്യായാമം പലചിന്തചെയ്ക സുരത-
ക്രീഡാ വിശേഷിച്ചിതിൽ
പാരം നല്ലതു വാന്തിധൂമമശന-
ന്യൂഷോപവാസാദികം. ൩.

സ്രോതോരോധം ബലക്കേടുലഘുത മഹിയാ-
ല്ലംഗമെല്ലാം കനക്കാ-
ത്താലസ്യംവാട്ടം നിഷ്ഠീവനമരുചി മരു-
ന്മൂഢതാ ക്ലാന്തിഭാവം
സാമാനാമമലാനാമിവ പുനരടയാളം
മലാനാം ച സംഗം
കാണാം,മിച്ചൊന്നവററിന്നറികൊരുവിപരീ-
തം നിരാമേഷു ലിംഗം. ൪

കഴുത്തിന്നു കീഴുള്ള രോഗേഷു യോഗാ-
ന്നഷസ്യേവ കല്പിക്ക സേവാവിധാനേ
കഴുത്തിന്നു മേലുള്ള രോഗേഷു രാവൂൺ-
കഴിച്ചിട്ടുമാവൂ കൊടുക്കുന്നതെല്ലാം. ൭

ഇതി ഭേഷജോപക്രമണീയാദ്ധ്യായഃ.

## അദ്ധ്യായം ൧൪.

## ദ്വിവിധോപക്രമണീയം.

ബൃംഹണമായും പുനരഥ
കർശനമായും ചികിത്സ രണ്ടുവിധം
സന്തർപ്പണാപതർപ്പണ-
ഭേദവശാത്തേ യഥാക്രമമഥ യോജ്യേ. ൧

ബൃംഹിപ്പിച്ചീടുക സ്ത്ര്യാദിഷു നിയതരതാൻ
വ്യാധിഭൈഷജ്യതപ്താൻ
ഭാരാദ്ധ്വോരഃക്ഷതക്ഷീണരെയുമബലനെ-
ഗ്ഗർഭിണീസൂതികേ ച
രൂക്ഷാംഗാൻ വാതമേറുന്നവരൊടു ശിശു വൃ-
ദ്ധാംശ്ച നൈവാൽസു താദി-
സ്ഥാഭ്യംഗസ്നാനനിദ്രാസുഖമധുരരസൈർ-
ഗ്ഗ്രീഷ്മകാലേഽപരാംശ്ച. ൨

മേഹോരുസ്തംഭകുഷ്ഠജ്വര*വിരിശവിസ-
ർപ്പാക്ഷികണ്ഠാമയേഷു
മധുമധുമേഹാതിസ്നിഗ്ദ്ധരിലതിസാരണേ
വിദ്രധാവാമദോഷേ
സോദ്ഗാരേ ഛർദ്ദിഹൃല്ലാസിഷു ച വിജയതേ
ലംഘനം ബൃംഹണീയ-
നാരും കാലസ്വഭാവാൽ കിമപി ച ശിശിരേ
കർശനീയാ ഭവന്തി. ൩

ഇതി ദ്വിവിധോപക്രമണീയാദ്ധ്യായഃ.

---

* പ്ലീഹ എന്നു തോന്നുന്നു.

## അദ്ധ്യായം ൧൬.

### സ്നേഹവിധി.

സ്നേഹ്യാസ്സ്വേദ്യസംശോദ്ധ്യാബലതിമിരകൃശാ
ബാലവൃദ്ധാതിരൂക്ഷാ
ബാധിര്യസ്യന്ദവാതാമയികളൊടു മദ്യ-
സക്തചിന്താപ്രധാനാഃ
ക്ഷീണാസ്രാഃ ക്ഷീണശുക്ലാ വിഷമിതനയനോ-
ന്മീലനാ മദ്യനിത്യാ
വ്യായാമാസക്തകായാശ്ചാത്ര തു തിലജഘൃതാ-
ദീൻ യഥാർഹഞ്ച യുഞ്ജ്യാൽ. ൧

അത്യന്തം ദുർബ്ബലാ മന്ദരുചികളൊടിനി ചേരുന്ന
സ്ഥൂലതീക്ഷ്ണാഗ്നിതീസാ-
രാമശ്ലേഷ്മാതിയുള്ളോർ ഗളഗദമുദരം
മൂർച്ഛ ഛർദ്ദിക്കെട്ടമുള്ളോർ
ഗർഭം ധരിച്ചപെൺ ഛർദ്ദനാമെഴുമവരും
നസ്യരേകാദി ചെയ്തോർ
തൃഷ്ണാമദ്യാത്യയക്ലിഷ്ടരൊടിവർകളുമി
സ്നേഹ്യരല്ലെന്നു ചൊൽക. ൨

ധാതൂനാം കെൽപ്പഗ്നിക്കും പെരിയതെളിവു പ-
ഞ്ചേന്ദ്രിയങ്ങൾക്കുമുണ്ടാ-
മോജഃകായാഗ്നിവർണ്ണങ്ങളിലൊരു പരിപോ-
ഷം പ്രസാദഞ്ച പൊക്കം
ക്ലൈബ്യഗ്ലാന്യാദി മാറും ജരയുമകലും
വായുമമ്പായഭേദാശ്ചൈർ-
മെല്ലോട്ടുള്ളാമയാനാംകലമവിലമമാഴി-
പ്പോന്നു സർവ്വാംഗധാരാ. ൩

ചാന്നേൻ ധാര കണക്കിലേറുകിൽ വരും
പിത്താസ്രകോപജ്വര-
ഛർദ്ദ്യംഗസ്വരസാദസന്ധിഗളനാ-
സപ്ലാസ്യശോഷാദികൾ

എന്നാൽ നാളിടയിട്ടുതാൻ മലബലാ-
ദീനോർത്തു ചെയ്യേണ്ണയോ-
ടൊന്നായ്ക്കൂട്ടിനനെയ്യുമായ് വിപദി യു
സ്യാൽ സ്തംഭനീയോ വിധിഃ. ൪

സ്നേഹസ്വേദാദി ചെയ്യുന്നവർ *സുഖതരമാ-
മംബുക്കൊണ്ടുകൾ ശൌച-
സ്നാനാദ്യം, വൃദ്ധഭാഷ്യം വെടിക ദിവി ചവു-
ട്ടായ്ക്കടക്കായ്ക വേഗാൻ
കോപം ഭീ മാരുതക്ലേശകലി, രവൊട്ടറ-
ങ്ങായ്ക പെൺകാംക്ഷ ചിന്താ
വെയ്ൽതീകാറ്റോട്ടു മഞ്ഞെന്നിവയുമതന വ-
ർജ്ജിക്ക തീക്ഷ്ണാൻ ഗുരൂംശ്ച. ൫

സ്നേഹസേവയൊട്ടു ധാരയോടപി
സ്വേദവസ്തികളുടങ്ങിയുള്ളവ
ചെയ്കിലത്രയുമൊരത്രയും ദിനം
പാകമോർത്തു കൃതകൃത്യനോ ഭവേൽ. ൬

ഇതി സ്നേഹവിധിഃ.

---

അദ്ധ്യായം ൧൪.

സ്വേദവിധി.

താപസ്തഥോപനാഹനോഷ്മവിധിർദ്രവശ്ച
സ്വേദങ്ങൾ നാലുവകയായിതു പാലിവണ്ണം
താപാഗ്നിതപ്തവസനാദികൾകൊണ്ടു ബന്ധാ-
ദന്യഃ പുകാദിരഥ പിന്നയു സേചനാദ്യൈഃ. ൧

കാടിയാദിഷു ശതാഹ്വികാല്ക്കപ-
ത്രാദികാൻ പുഴുകിയുള്ള ബന്ധവും
പായസാദിഭിരൊരെൾപ്പുഴുങ്ങി വാ-
സോഷ്ണകെട്ടുമുപനാഹസംജ്ഞിതം. ൨

---

* സുഖോഷ്ണജലം.

കാസശ്വാസപ്രതിശ്യായികളിൽ വയർവീ-
ക്കക്കില്ലാത്തവ വിബന്ധേ
വാതശ്ലേഷ്മാമശൂലാമയിഷു മിടൽവികാ-
രാൎബുദിഷ്വാന്ത്രശൂലേ
സ്വേദിക്കായാമമൂത്രഗ്രഹികളിൽ വിരവിൽ
ഗ്രന്ഥിരോഗേ ഗുരുത്വേ
ചൈതൽ കൎമ്മാസ്സു തത്തദ്ഗദസമുചിതമായ്
സ്നേഹനം രൂക്ഷണം ച. ൩

പീതസ്നേഹാതിരൂക്ഷാബലതിമിരവിസ-
പ്പക്ഷതക്ഷീണമൂൎച്ഛാ-
തിസ്ഥൂലാഢ്യാനിലക്ഷുത്തൃഡുദരഗദി-
ക്രോധശോകക്ഷയാൎത്താഃ
സൂതാസ്ത്രീ ഗൎഭിണീ പുഷ്പിതയുമിതവിരേ-
കോഽപി പിത്തേ ച പാണ്ഡൌ
മേഹേ കുഷ്ഠേ പ്പെടുംകാമിലയിലുമിനി വ-
ൎജ്ജിക്കത്തൽ സ്വേദകൎമ്മ. ൪

ഇതി സ്വേദവിധിഃ.

---

അദ്ധ്യായം ൧൭.

വമനവിരേചനവിധി.

കാസേ ശ്വാസേ നവോത്ഥേ പനിയിലരുചിയിൽ
ഗ്രന്ഥി കുഷ്ഠാമയേ ഹൃ-
ല്ലാസാതീസാരരോഗങ്ങളിലുദരപെരുമ്പ-
ദ്ധ്വാമയേ സ്തന്യദോഷേ
ഉന്മാദേ മേഹരോഗേ ക്ഷയികളിലിതവിൽ
പീനസേ ഽഥാസ്രപിത്തേ
ഗുല്മേ ഽന്തൎവിദ്രധൌ ശ്ലീപദിഷു ഗരിഷു ച
ഛൎദ്ദനം ചെയ്ക നന്ന്. ൫

സ്ഥൂലേ ഽന്നാൎത്തിയിൽ ദുൎബ്ബലരിലതികൃശേ
വാതരോഗേ ക്ഷുധാൎത്തേ
ബാലേ വൃദ്ധേ വിലക്കക്ഷതിഷു ച തിമിര-
പ്ലീഹഹൃദ്രോഗവത്സു

കേളാകാ രൂക്ഷദേഹേഷ്വപി ച വമനമെടോ
ദത്തവസ്തേഷു സദാ ദുഃ-
ഖാലീഢേ കൃച്ഛ്രഗുല്മോദരഗദിഷു തഥോ-
ൎദ്ധ്വപ്രവൃത്താസ്രവായെഷു. ൨

ഗുല്മാൎശോവ്യംഗവിസ്ഫോടിഷു പഴയപനീ-
ക്കൽ ഗരേ കാമിലാ ശോ-
ഫസ്യന്ദേ കാചവദ്ധിവൃദ്ധിയൊടു തിമിര-
പ്ലീഹപക്വാശയാൎത്തൌ
അമ്ലൂത്രാഘാതകേ വിഡ്ഗ്രഹികളിലുദരേ-
ഷൂൎദ്ധ്വരക്തേ വ്രണേ വിട്-
ക്രമത്തൌ രക്തവാതേ വഴിയിലപി വിരേ-
ചിക്ക ശുക്ലാമയേ ച. ൩

വിസൎപ്പകുഷ്ഠീപദകഷ്ടമേഹ-
ശ്വാസാപചീഗ്രന്ഥിമതിഭ്രമേഷു
കാസോൎദ്ധ്വരോഗങ്ങളിലും തഥാ ഹൃ-
ല്ലാസത്തിലും ചെയ്ക വിരേകകൎമ്മ. ൪

പുതിയപനിയിലതൃല്ലാനലേ ക്രൂരകാഷ്ഠേ
ക്ഷതികളിലതിസാരേ കീഴ്പെടുന്നസ്രപിത്തേ
ക്ഷതഗുദവതി ചാതിസ്നിഗ്ദ്ധരിൽ ശല്യയുക്തേ-
ഷപി ച കില വിരേകം വയ്മയല്ലെന്നു ചൊല്ലു. ൫

ഇതി വമനവിരേചനവിധിഃ.

---

## അദ്ധ്യായം ൧൩.

### നസ്യവിധി.

നസ്യം സ്യാദ്രേചനം പീനസിഷു കഫശിര-
ശ്ശൂലജാഡ്യങ്ങളോട-
സ്യന്ദേ ഗണ്ഡ ഗളവ്യാധികളൊടുപഴമപ-
സ്മാരകുഷ്ഠാദികേഷു
ശുണ്ഠീപിപ്പല്യപാമാൎഗ്ഗകമരിചവിഡം-
ഗാംബ്ലിജാദ്യൈഃ പ്രസിദ്ധൈ-
ശ്ചൂൎണ്ണൈഃ കല്കൈഃ കഷായൈഃ സ്വരസമൊടു തിലോ-
ത്ഥാച്ച തസ്യ പ്രയോഗഃ. ൧

ഭൂയോ വാതാദിഭൂതേ ശിരസി ച ദശനേ
കേശശാതേ ചെവിക്കൽ-
ശ്ശൂല തൽക്ഷോഭധന്യേഽകാലജപലിതഗദേ
തൈമിരേവാർദ്ദിഘാതേ
ബാധിര്യേ വാതപിത്തോത്തരഭവമുഖരോ-
ഗേഷു നാസാസ്യശോഷേ
സൂൎയ്യാവൎത്തേ സ്വരക്ഷീണതയിലൊരപബാ-
ഹൌ തഥാ മിക്കവാറും. ൨

മന്യാസ്തംഭേഽപതാനങ്ങളിലുരപെരുമെ-
ക്കിറുക്കലും വാതജിൽസ്സി-
ശേധന സ്നേഹേന കല്പിച്ചരുളുക വിധിനാ
ബൃംഹണം ത്വേവ നസ്യം
പ്രാതഃ ശ്ലേഷ്മാമയേ ചെയ്തരുളുക വിധിയോ-
ടഹ്നി മദ്ധ്യേ ച പിത്തേ
വാതത്തിങ്കൽ തഥാ വൈകിനപൊഴുതെതിരേ
സ്വസ്ഥവൃത്തേ തു നസ്യം. ൩

പീതസ്നേഹേ ശിരസ്സ്നാതരിലശിതവതി
സ്നാതുകാമേഽസ്രമോക്ഷ
കാസശ്വാസേ ച നസ്യക്രിയ, വെടികവിരി-
കേത തഥാ സൂതികായാം.

ഇതി നസ്യവിധിഃ.

---

## അദ്ധ്യായം ൧൮.

## ധൂമവിധി.

കാസശ്വാസസ്യ പ്രസേകം മിടൽതളരുക വൻ-
കേശദോഷങ്ങൾ തന്ദ്രാ
പൂതിഗ്ഗന്ധഞ്ച ഹിക്കാ ശ്രുതിനയനമുഖ-
സ്രാവമൂർദ്ധാൎത്തി ജാഡ്യം
ഏതത്സൎവ്വം കെടുന്നു കരുതി വിധിയുതം
ധൂമപാനത്തു ചെയ്താ-
ലേറിപ്പോകുന്നതാകിൽ പുനരവിടെ വിധി-
പ്പോന്നു ശീതപ്രയോഗഃ. ൧

വാതേ സ്നിഗ്ദ്ധൈശ്ച പ്രകാമാപിബതു, നസി കഫേ
തീക്ഷ്ണധൂമോഽസ്തു, ചെയ്യാ-
യ്ക്കാധ്മാനേ വസ്തിചെയ്യാലുദരിഷു തിമിരേ
രക്തപിത്തേ ച രിക്തേ
പാൽ നെയ് ദധ്യാദി സേവിച്ചവരിലിരവുറ-
ങ്ങായ്കിലും മേഹരോഗി-
ണ്യുദ്ഭ്രാംഗാഘാതമുള്ളോരിലുമരുതിതു തേൻ
മദ്യമത്സ്യാശിനാം ച. ൨.

ഇതി ധൂമവിധിഃ.

---

## അദ്ധ്യായം ൧൨.

### ഗണ്ഡൂഷവിധി.

സ്നിഗ്ദ്ധഞ്ച ശമനമെന്നും
ശോധനമിതി രോപണസ്തഥാ ചേതി
ഗണ്ഡൂഷം നാലുവിധം
ത്രിഷു ദോഷേഷ്വസ്തു തൽ ക്രമാന്മന്നം. ൧

മധുരാമ്ലസപടുസിദ്ധൈഃ
സ്നേഹൈരുഷ്ണേതരധോ തു ശമനാഖ്യം
സുമധുരതിക്തകഷായൈഃ
കടുപടുതീക്ഷ്ണോഷ്ണപുളിദിരന്യോഽപി. ൨

തേൻഗണ്ഡൂഷം വ്രണാഗ്നം ദപിജരുജകളയും
നന്നാ രുച്യഞ്ച നല്കും
വൈശദ്യം ചാപി വക്ത്രേ വിരസതകളയും
കാടികൊണ്ടുള്ളതാകിൽ
ആഗന്തൌ ക്ഷാരദഗ്ദ്ധേ വിഷജനുഷി തഥാ
പിത്തജേ ച ക്ഷതോത്ഥേ
വായിൽപ്പുണ്ണിൽ കവിൾക്കൊൾകെരികഴലുകയു-
ണ്ടാകിലും നെയ്പയോഭ്യാം. ൩

ക്ഷാരാംബുഗണ്ഡൂഷവിധിസ്തു നീളെ-
പ്പാടേ ഭിനത്ത്യാശ്ശു കഫോത്ഥദോഷം
ചുക്കോട് കുഷ്ഠം മുളകപ്പുപാംസുൻ
ചേർത്തുള്ള ജംബീരരസാത്തഥാപി. ൪

## മൂർദ്ധതൈലവിധി.

മൂർദ്ധതൈലവിധി നാലുജാതിപോൽ
തേച്ചു ധാര പിചു വസ്തികർമ്മണാ
ഓർത്തുചെയ്കളവിലുത്തരോത്തരം
പ്രാപ്തസദ്ഗുണമിതെന്നുമോതുക. ൪

തൈലൈർണ്ണാം രൌക്ഷ്യകണ്ഡ്വാദിഷു ശിരസി പിചും
പ്രക്ഷിപേദ് ധൂപനാദ്യേ
നേത്രേ സ്തബ്ധേ ച പാകേ ചുട്ടകതല രുജാ
ത്രുഷിതായാം ച ധാരാം
പാരിക്കം മൂർദ്ധരോഗേഷ്വപി ച തിമിരഗദേ
മററു നാസാസ്യശോഷേ
തേറിച്ചെയ്യിൻ പ്രസുപ്ത്യർദ്ദിതരുജകളിലും
ജാഗരേ ചാപി വസ്തിം. ൫

## തർപ്പണവിധി.

കൃച്ഛ്രോന്മീലേ സിരാഹർഷമൊടരിയസിരോ-
ത്പാതരോഗാർജ്ജുനേഷു
സ്തബ്ധേ നേത്രാഭിഘാതിഷ്വപി കലുഷതയിൽ
പക്ഷ്മശാതേ ച ജിഹ്മേ
മററും *മൂലോകതരോഗങ്ങളിലഥ നയനേ
നെയ്നിറുത്തീടുകെന്നാൽ
ചെററമ്പിൽ ധൂമപാനം കലയതു ച തഥാ
നോക്കലാ ഭാസ്വരാദീൻ. ൬

## ജളൂകവിധി.

വീസർപ്പം വിദ്രധീ പുൺ പിടകകൾ ചൊറിയും
മററുമസ്രോത്ഥദോഷേ
സാധിക്കെന്നാൽ ജളൂകാവിധി വിരസ രുജാ-
ദാഹരാഗാദിപോവാൻ

* അഷ്ടാംഗഹൃദയാദി മൂലഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടില്ല.

ധാരാലേപാദി നൂറായിരമതിഹിതമായ
ചെയ്കിലും ബിന്ദുമാത്രം
ഘോരാസ്രാദ്രവണ സർവോപരി വിരയെവരും
വേദനായാഃ പ്രശാന്തിഃ. ൭

അട്ടയിട്ടു പിടകാദിഷു പ്രിയേ
ദുഷ്ടരക്തതെളിവിന്നു നെയ്യുമായ്
യഷ്ടിസേവ്യകളിരെള്ളൊടോടി കീഴ്-
പ്പെട്ടു തേയ്ക്ക ശതധൌതകാദികാൻ. ൮

ഇതി ഗണ്ഡൂഷാദിവിധിഃ.

---

## അദ്ധ്യായം ൫ൻ.

### കഷായവിധി.

കഷായം വെയ്ക്കവേണ്ടുമ്പോാം വെള്ളം നാനാഴികൊള്ളുക
മരുന്നൊരുപലം തത്ര ചതച്ചിട്ടു കുറുക്കുക. ൧

നാഴിയാമ്പോളവും വെന്താൽ വാങ്ങി രാത്രൌ സുസംസ്ഥിതം
ചൂടിയിച്ചെതിരെ പശ്ചാൽ പിഴിഞ്ഞത്ഥ മരുന്നുകൾ. ൨

ഉഴക്കാഴക്കതാമ്പോളം കുറുക്കിപ്പൂതമായ് പിബേൽ
തേൻ നെയ് ശർക്കര പടപാദിൻ മേമ്പൊടിക്കപ്പികൊള്ളുക. ൩

സിതാ ജീരകസക്ത്വൻ വാ മററും രോഗാദ്യപേക്ഷയാ
അന്തിക്കുവേണ്ടും കഥാഥങ്ങൾ പുനരന്തിക്കുവച്ചടൻ. ൪

വിധിനാനേന സേവിക്ക മരുന്നൊക്കെ യഥോചിതം.

നാഴൂരിനീരിൽ പലമൌഷധാനാം
തോഴാ! ചതച്ചിട്ടു നിശാസ്ഥിതം തൽ
പ്രാതഃ പിഴിഞ്ഞിട്ടു കുടിക്കിതിൻ പേർ
ചൊല്ലിക്കിലോ ശീതകഷായമെന്ന്. ൫

### ഫാണ്ടവിധി

നാഴി നീർവിട്ടിവച്ചൊരു മൂക്കഴഞ്ചു മരുന്നുകൾ
മുളകം മഞ്ഞളും കൂട്ടി പുഴുങ്ങിയതനന്തരം. ൬

വാങ്ങി വററുന്നതിൻമുമ്പിലന്നീർ തന്നാലരച്ചുള്ള
മോരിൽ കലക്കി മുഴുക്കിൽ കുറുക്കുക ശനൈസ്സനൈഃ ൭

ഉരുക്കാഴക്കു പോരുമ്പോൾ വാങ്ങി പടപാദിസംസ്കൃതം
കുട്ടകത്താൻ കടിക്കത്താൻ ചെയ്ക മുക്കടിയെന്നപേർ. ൮

ലേപനവിധി.

നീർ പാൽ മോരെന്നിവററാൽത്താൻ മരുന്നെ ശ്ലക്ഷ്ണമായ് [പുനഃ
അരച്ചുദ്ധാംഗുലംപൊങ്ങത്തേയ്ക്കണ്ടും പ്രതിലോമമായ്. ൯

തൽപററിവലിയുന്നേരം കളഞ്ഞാലുണ്ണമേ പുനഃ
തേയ്ക്ക ശോഫാദിനാശായ പാകപ്രാപ്തിക്കമിങ്ങനേ. ൧൦

ഇതി കഷായാദിവിധിഃ.

---

## അദ്ധ്യായം ൨൦.

### സ്നേഹകഷായാദിവിധി.

നാഴിയെണ്ണ ചമയ്ക്കുമ്പോൾ കഷായത്തിന്ന നാൽപലം
മരുന്ന സർവസാമാന്യംവിധികൊള്ളാമിതെങ്ങുമേ. ൧

പലസ്യ നീർകൊൾ നാനാഴികൊണ്ടു ശേഷിക്ക നാഴിയും
തസ്മിംസ്തൈലം വിനിക്ഷിപ്യ കല്ക്കം പുനരരപ്പലം. ൨

അരയ്ക്കണം കഷായേണ ശ്ലക്ഷ്ണമായ് പിന്നെയും തതഃ
അരച്ചതതിലാക്കീട്ടു പാൽ പ്രസ്ഥം തത്ര യോജയേൽ. ൩

കൈക്കുട്ടിയടുപ്പിന്മേൽ വച്ചു മൃദ്വഗ്നിനാ പചേൽ
പാകം പാനാദിരൂപേണ കൊണ്ടറിക്ക ഭിഷഗ്വരഃ. ൪

നെയ്ക്കെണ്ണയ്ക്കുമൊന്നത്രേ കല്പനാ പുനരെങ്കിലും
നെയ്ക്ക കല്ക്കമരയ്ക്കണ്ടാ കേളമതേക്കണമേററവും. ൫

... ... ... ... ... ...സൂക്ഷ്മ സൂക്ഷ്മതരക്ഷയാ
നെയ്ക്ക പാകം യഥാസാത്മ്യം വയ്ക്കണം രോഗശാന്തയേ. ൬

പാകങ്ങൾ മൂന്ന ചരചിക്കണമങ്ങുമേതാ-
മദ്ധ്യമെന്ന ഖരമെന്ന പാകം നമ്മണം

കല്കം കരുക്കയുമുറയ്ക്കായുമസ്യ രൂപം
സ്പർശാസഹത്വമരുണത്വമഥച്ഛതാ ച. ൭

തൽ ചിക്കണം മെഴുകിനോടു സമാനകല്കം
മന്ദസ്യ ലക്ഷണമുശന്തി സരോദ്ഭവാദി
വസ്ത്രേ തു ചിക്കണമുശന്തി ഖരഞ്ച കേചിൽ
നസ്യേ മൂർദ്ധ്വതി ചുണ്ണിന നന്ന ത്വേപി. ൮

പാകം മൂന്നുവിധം മന്ദം ചിക്കണം ഖരചിക്കണം
ഇവററിന്റെ ലക്ഷണത്തെച്ചൊല്ലുന്നേനെളുതായിഹ. ൯

കിട്ടം കൈകൊണ്ടു മർദ്ദിച്ചാൽ വിരൽമേൽ പിരളായ്കയും
വെള്ളം കറച്ചരച്ചിട്ടും പിണ്ഡവച്ചമയുന്നതും. ൧൦

മന്ദസ്യ ലക്ഷണം സ്നേഹേ ശബ്ദം മാറുകയെന്നതും
മെഴുകോടുള്ള സാമ്യഞ്ച ചിക്കണസ്യ തു ലക്ഷണം. ൧൧

വർണ്ണഗന്ധാദിഭേദങ്ങളുടനേ വന്നദിക്കയും
തിരിപോലെ ചമച്ചിട്ടു വളച്ചാൽ മുറിയുന്നതും. ൧൨

ഖരസ്യ ലക്ഷണം പാർത്താലിതിന്നിരണ്ടു വേണമേ
നടേത്തേതു തുടങ്ങുമ്പോൾ മറേറതു പരിപൂർത്തിയിൽ. ൧൩

സൂക്ഷ്മസൂക്ഷ്മങ്ങളാകുന്ന ഭേദം രണ്ടുമിതായതു്
മന്ദത്തിലെളുതായ്പോകിലഗ്നിസാദകരം പരം. ൧൪

ഖരാദ്ദഗ്ദ്ധം മൂത്തുപോകിൽ ഫലമില്ല നിനച്ചതു്
വരുത്തേണ്ടുന്ന കാര്യത്തെ വരുത്തീട്ടു വിധിച്ചതു്. ൧൫

അഗ്നിയെ സമനാക്കീട്ടു വരുത്തീടും വിശേഷതഃ
നസ്യത്തിന്നു നടേത്തേതും പാനേ വസ്തൗ ച ചിക്കണഃ. ൧൬

തേപ്പാൻ മൂന്നാമതെന്നാഹുരത്രിപുത്രാദയഃ പൃഥക്
എന്നാലെപ്പോഴുമിപ്പാകം സൂക്ഷിക്കേണം മുഹുർമ്മുഹുഃ. ൧൭

ഫേനോപശാന്തിസ്സ്വശരീരലാഭോ
നിർല്ലേപ്യതാ വർണ്ണവിപർയ്യയശ്ച
പേഷ്യൗഷധാനാം പരിശോഷണഞ്ച
ല്ലേതസ്യ പാകം പ്രവദന്തി സന്തഃ. ൧൮

ഘൃതസ്യ പാകം ചൊല്ലുന്നേൻ നീരിൽ വീണാലറച്ചുതു്
ഉരുണ്ടിട്ടാണപൊങ്ങീടും മുരുക്കിൻപൂനിറം വരും. ൧൯

ദ്വിവിധം ശൎക്കരാപാകം ദൎവ്വീലേപാൎത്ഥ ബുദ്ബുദഃ
ന കേവലം പ്രമാണഞ്ച നൂലിടുമ്പോൾ ജലേഷ്വധഃ. ൨൦

ഇട്ടാലൊട്ടുകിലറ്റപ്പോഴേ പൊടിക്കുന്ന ലക്ഷണം
ലേഹങ്ങൾക്കേൾ ചമയ്ക്കുമ്പോൾ ഗുളമൈസ്യകപാലസ്യ തു. ൨൧

മരുന്നിരുപലം യുജ്യാൽ ജലപ്രസ്ഥദ്വയേ പുനഃ
കട്ടുബദ്ധയമാകുമ്പോൾ ചൂൎണ്ണം തത്ര വിനിക്ഷിപേൽ. ൨൨

നിക്ഷിപ്യ ദൎവ്വ്യാ ചാലോഡ്യ മെല്ലവേ വാങ്ങുകഗ്നിതഃ
ഉടയ്ക്കുന്നതുടച്ചിട്ടുമുരുട്ടുന്നതുരുട്ടിയും. ൨൩

അരയ്ക്കുന്നതരച്ചിട്ടും ത്രിധാ ലേഹം പ്രകല്പയേത്
ഘൃതസ്യ ഫേനോപശമസ്തൈലസ്യ തു തദുദ്ഭവഃ. ൨൪

ലേഹസ്യ തന്തുമത്താപ്സു മജ്ജനം രണനന്നച
സ്നേഹപാകേ തഥാനോക്തൌ ചതുൎഗ്ഗുണവിവൎദ്ധിതം. ൨൫

കല്ക്കസ്നേഹദ്രവം യോജ്യമധീതേ ശൌനകഃ പുനഃ
സ്നേഹേ സിദ്ധ്യതി ശുദ്ധാംബുനിഷ്ക്വാഥസ്വരസൈഃ
[ക്രമാൽ. ൨൬

കല്ക്കസ്യ യോജയേദംശം ചതുൎത്ഥം ഷഷ്ഠമഷ്ടമം
ഭ്രശേല തക്രേ ച ധാന്യാമ്ലേ കല്ക്കസ്സ്വരസവദ്ഭവേൽ. ൨൭

തേഷു ച സ്വരസേ സ്നേഹം ത്രിരാത്രാൽ സംപ്രപീഡയേൽ. ൨൮

ക്ഷീരേ ദ്വിരാത്രം സ്വരസേ ത്രിരാത്രം
സ്നേഹഃ കഷായേഷു തു പഞ്ചരാത്രം
ഗുളേന യുക്തേഷു തഥാമ്ലികേഷു
ത്രിംശദ്ദിനം പാകവിധിഃ ക്രമാത്സ്യാത്. ൨൯

സപ്താഹം സൎവ്വമൂലാനാം വല്ലീനാന്തു ത്ര്യഹം സ്മൃതം
ദ്വാദശാഹന്തു സാരാണാം സൎവ്വേഷാം പാക ഇഷ്യതേ. ൩൦

ലാജമാഷകുലസ്ഥമുദ്ഗലശുനാൻ
ശുണ്ഠീയവൌ ക്വാഥയേൽ
സദ്യസ്ത്വേവ കഷായപാകവിധിവൽ

കല്ക്കാൽ പീഡകമേകരാത്രപരത-
സ്സൗവീരതക്രാന്തിതേ
സ്നേഹേ മസ്തു പയോരസൈശ്ച സഹിതേ
ദ്വാഭ്യാം ദിനാഭ്യാം പരം. ൩൧

സ്നേഹപ്രയോഗഗണ്ഡൂഷസേകാസ്ഥാപനവ്രണപ്രക്ഷാളനാവാഹനവമനപാനീയയവാഗൂസ്നാനകഷായാണാം ചതുരഷ്ടപഞ്ചഷട്സപ്തദ്വാദശദശനവാർദ്ധദ്വ്യർദ്ധഭാഗാവശേഷഃ കർത്തവ്യഃ.

ഇതി സ്നേഹകഷായപാകലക്ഷണവിധിഃ.

---

## അദ്ധ്യായം ൨൧.

### മാനവിധി.

ശാണം പാണിതലം മുഷ്ടിം കുഡുബം പ്രസ്ഥമാഢകം
ദ്രോണം വഹഞ്ച ക്രമശോ വിജാനീയാച്ചതുർഗ്ഗുണം. ൧

വിദ്യാദ്വൈ ദ്രംക്ഷണൌ കർഷം സുവർണ്ണം ചാക്ഷമേവ ച
വിഡാലപദകഞ്ചൈവ പിചും പാണിതലം തഥാ. ൨

സ ഏവ തിന്ദുകോ ജ്ഞേയസ്സ ഏവ കബളഗ്രഹഃ
ദ്വൌ സുവർണ്ണൌ പലാർദ്ധം സ്യാച്ഛുക്തിരഷ്ടമികാ തഥാ. ൩

ദ്വേ പലാർദ്ധേ പലം മുഷ്ടിം പ്രകുഞ്ചം ബില്വമേവ ച
ആമ്രം ഷോഡശികാ ചൈവ ദ്വേ പലേ പ്രസൃതം വിദുഃ. ൪

പലാച്ചതുർഗ്ഗുണം വിദ്യാദഞ്ജലിം കുഡുബം തഥാ
അഷ്ടമാനന്തു വിജ്ഞേയം കുഡുബൌ ദ്വൌ തു മാനികാ. ൫

ചത്വാരഃ കുഡുബാ പ്രസ്ഥം പ്രസ്ഥചാതുർത്ഥ്യമാഢകം
പാത്രം തദേവ വിജ്ഞേയം കംസഃ പ്രസ്ഥചതുർഗ്ഗുണം. ൬

കംസാച്ചതുർഗ്ഗുണോ ദ്രോണോ ഹ്യർമ്മണോ നല്വണസ്തഥാ
സ ഏവ കലശോ ഖ്യാതോ ഘട ഉന്മാന ഏവ ച. ൭

ദ്രോണസ്തു ദ്വിഗുണഃ ശൂർപ്പോ വിജ്ഞേയഃ കുംഭ ഏവ ച
ദ്രോണീം ശൂർപ്പദ്വയം വിദ്യാദ് *ഖാരീം ഭാരം തഥൈവ ച. ൮

* നാലുദ്രോണി=ഒരു ഖാരി. (ദ്രോണി, ഖാരി, വഹം ഇവ യഥോത്തരം ചതുർഗ്ഗുണങ്ങളാണ്.)

ദ്വാത്രിംശത്തച്ച ജാനീയാ* ദ്രോണം ശൂർപ്പാണി ബുദ്ധിമാൻ.
തുലാ പലശതം താനി വിംശതിർഭാര ഉച്യതേ. ൯

നെല്ലൊരു വീശം, വീശം-
വിംശൽ കാണം, കഴഞ്ചു ദശകാണം
ഇരുപതുകഴഞ്ചു പലം
ശതപലി തുലാ താശ്ച വിംശതിർഭാരം. ൧൦

കാണമേഴരമുഴത്തള്ള ശാണം
ദ്വേ ച തെ വടകകോലാസംജ്ഞിതെ
മുക്കഴഞ്ചു വടകദ്വയം ദ്വേ-
അക്ഷ കർഷ പിചു തിന്ദു സംജ്ഞിതം. ൧൧

ഇതി മാനവിധിഃ.

---

അദ്ധ്യായം ൨൩.

പഞ്ചമൂലഗണാദിവിധി.

സ്ഥിരാദ്വയീവഴുതിനയുഗഗോക്ഷുരൈഃ
സമീരിതം കില ചെറുപഞ്ചമൂലകം
ജ്വരാർത്തിവറ്റൽ പെരികിന വീര്യസംശ്രിതം
സമീരണക്ഷതജവറ്റലസ്രപിത്തജിൽ. ൧

കുവളമുഞ്ഞതാഡുണ്ഡുക-
കമിഴ്ം പാതിരി പെരിയ പഞ്ചമൂലമിദം
അനിലം കഫശോഫഹരം
ചെറിയതുമിതുവും കലർന്നു ദശമൂലം. ൨

വാതജിൽ ചുമ വമിക്കിടം കഫഘ്നം
പിത്തവറ്റൽ ക്ഷയഹരം പനിവൈരി
അഗ്നിദീപനകരഞ്ച കഥം വാ
ചൊല്ലുമാറു ദശമൂലമഹത്താം. ൩

ദർഭായുഗളേക്ഷുമവേർ
വരിനെൽവേരെന്നമിതിരുള്ളിഷ്ടം
തൃണപഞ്ചമൂലമേതൽ
തൃഷാഹരം വസ്തിശോധനം പ്രോക്തം. ൪

---

* ഷണ്ണവതി പലം (നാഴിയരി).

പിപ്പലീപിപ്പലീമൂലചവ്യചിത്രകനാഗരൈഃ
പഞ്ചകോലകമേതദ്ധി ഷട്പലം സൈന്ധവാന്വിതം. ൫
ഗുല്മപ്ലീഹോദരാനാഹശൂലഘ്നം ദീപനം ദ്വയം,

മഞ്ഞൾ വരാ വാരാഹി
മുകിൽ കൊടിവേലീത്രിമിളിരുദ്ദിഷ്ടം
ശാന്തം പഞ്ചകമേതൽ
കുഷ്ഠവിഷധ്വംസി രക്തദോഷഹരം. ൬

ഇന്തുപ്പ് സൌവർച്ചലമുപ്പ് പിന്നെ-
ക്കാരുപ്പ് പശ്ചാൽ വിളയുപ്പ് പിന്നെ
സാമുദ്രമുപ്പെന്നിവ പഞ്ചലോണ-
മാദ്യം ത്രയം തത് ത്രിപടും വദന്തി. ൭

പന്നിനെയ് വസയിൽ, മജ്ജയിൽ
മാനിൻ, നെയ്യിൽ നല്ലതു ഗവാംഘൃതമേവ
എണ്ണയിൽ തിലജമെന്നിവ നാലും
കൂട്ടുകിൽ ചൊല്ലു "മഹാ"ന്നിതി സംജ്ഞാ. ൮

എണ്ണ നെയ്യുമൊരു ദീപതൈലവും
പന്നിനെയ്യൊടുരുപൂഗതൈലവും
എന്നിതഞ്ചുമൊരുമിച്ചു ചേർക്കില-
ഞ്ചെണ്ണയെന്നറിക മാരുതാപഹം. ൯

ജീവന്തീകാകോള്യൌ
ദ്വേ മേദേ മുദ്ഗമാഷപർണ്ണ്യൌ ച
ഋഷഭകജീവകമധുകം
ചേതി ഗണോ ജീവനീയാഖ്യഃ. ൧൦

ഏരണ്ഡാമരദാരു ഗോക്ഷുരവരീ
വാനീരസൈരീയകൈ-
സ്സാരണ്യംശുമതീ ബലാത്രയജയാ-
വൃശ്ചീവസൈരേയകൈഃ
പൂതീകാചിതയാഗ്നിതാർക്കജടിലാ-
രാസ്നാശ്വഗന്ധാമരൈ-
രേരണ്ഡാദിരയം ബുധൈരഭിഹിതോ
വാതാമയഘ്നോ ഗണഃ. ൧൧

ജീവകമിടവകമമൃതും
തൃണപൂർവ്വംപഞ്ചമൂലമപി
യഷ്ടീ കാട്ടിലുഴുന്ന-
ദ്വയവും ജീവന്തി പിത്തഹാ ഗണസ്സോഽയം. ൧൨

കുഷ്ഠംഗ്രന്ഥികചവ്യചിത്രകവ്യോഷ-
വിശെലവഷധാജാജിഭിഃ
പാഠാരാമഠരേണുകാമധുരസാ
സിദ്ധാർത്ഥതിക്തോഷണൈഃ
സ്പൃക്കാശക്രയവാജമോജതുടിഭി-
ർഭാർങ്ഗീവിളംഗാന്വിതൈ-
രേഭിർവിംശതിഭിഃ കഫാമയഹരഃ
കുഷ്ഠാദിരുക്തോ ഗണഃ. ൧൩

സ്ഥിരാപൃഥക്പർണ്ണിപുനർന്നവാഭി-
സ്ത്രികണ്ടകൈരണ്ഡബലോച്ചടാഭിഃ
വിദാരികാനാഗബലാവരീഭി-
രയം ഗണഃ പിത്തസമീരണഘ്നഃ. ൧൪

കട്ഫലാംബുധരധാന്യകഭാർങ്ഗി-
ശൃംഗിപർപ്പടകവാശാവചാഭിഃ
സാഭയാമയസുഗന്ധതൃണാഭി-
ർവർഗ്ഗ ഏഷ കഫവാതനിഹന്താ. ൧൫

ത്രായന്തികാകടചബീജവൃഷാമൃതാഭി-
സ്തിക്താപടോലപിചുമന്ദഭൂരാലഭാഭിഃ
ഭൂനിംബരാജതരുപത്മകപർപ്പടാദ്യൈ-
രേഭിർഗ്ഗണോഽയമപി പിത്തകഫാമയഘ്നഃ. ൧൬

പനിയിൽ പർപ്പടാദ്യങ്ങൾ നല്ലതെല്ലായിലും പരം
രാസ്നാ വാതാമയേ നല്ല കഫേ ചുക്കെന്നു കഥ്യതേ. ൧൭

ഗ്രഹണ്യാം കുടചം നല്ല വീക്കത്തിങ്കൽ പുനർന്നവം
ഛർദ്ദ്യാം ലാജാസ്സമുദ്ദിഷ്ടാ മേഹേ ധാത്രീ ച മഞ്ഞളും. ൧൮

പ്ലീഹയിൽ പിപ്പലീ പഥ്യാ പാണ്ഡുവിങ്കലയസ്തഥാ
നേത്രരോഗേ വരായഷ്ട്യൗ കുഷ്ഠേഷു ഖദിരസ്തഥാ. ൧൯

രക്തപിത്തേ വൃഷം നല്ല കരയിൽ കണ്ടകാരിയും
ഉരഃക്ഷതേ ബലാലാക്ഷേ ചെറുതേക്കാകിലേങ്ങലിൽ. ൧൦

രാമച്ചം തലനോവിങ്കലമൃതാ വാതശോണിതേ
പനിയും പോക്കമുണ്ടാമ്പോൾ നല്ല മുസ്തായവാഷകൌ. ൧൧

കല്ലടപ്പുങ്കൽ മൂതിര ശൂലേ കായഞ്ച സൈന്ധവം
വൃദ്ധൌ ശ്ലേഷ്മ വിരേകസ്യ ദ്രാവണക്കെണ്ണയും തഥാ. ൧൨

വാതപിത്താമയേ തത്ര നല്ലതെല്ലാററിലും ഘൃതം
വാതശ്ലേഷ്മങ്ങൾകളവാനെണ്ണ നല്ലതിതി സ്മൃതം. ൧൩

ശ്ലേഷ്മപിത്തങ്ങൾകളയും ദ്രവ്യേഷു മധു ശസ്യതേ
പിത്തിനാണ്ണു വിരേചിപ്പാൻ ത്രിവൃദേവ വിശിഷ്യതേ. ൧൪

പൊക്കങ്കൽ കടകപ്പാലപ്പൂർമേൽതൊലിയുമിങ്ങനെ
ഉറക്കില്ലായ്കകൊണ്ടുമ്പോൾ പൈമ്പാൽ മാഹിഷവും വരം.
[൧൫

ശിരസ്കന്ധാംസബാഹ്വക്കൾനോവിൽ നസ്യം പ്രശസ്യതെ
നസ്യം കബളവും സർവ്വം മുഖരോഗേഷു പൂജിതം. ൧൬

നേത്രരക്ഷാഞ്ജനം നസ്യം തർപ്പണഞ്ചാതിഭദ്രമാം
അർത്തിതേ വെണ്ണഖണ്ഡം വാ വിദ്രധൌ രക്തമോക്ഷണം. ൧൭
പൈമ്പാലാജം പയോ മാംസമിവ യക്ഷ്മണി നല്ലവ
ബ്രുവമി വിസംസ്കൃതൌ ശസ്താ ത്രിഫലാഗുൽഗുലു വ്രണേ. ൧൮

ഗോക്ഷുരം മൂത്രകൃച്ഛ്രേഷു കാർശ്യേ മാംസഞ്ച ശസ്യതെ.

ഇതി പഞ്ചമൂലഗണാദിവ്യാധിവിപരീതൌഷധിവർഗ്ഗഃ.

അഷ്ടാംഗസാരം സമാപ്തം.

---

ശുഭം ഭൂയാൽ.

# LIST OF MALAYALAM PUBLICATIONS FOR-SALE.

## ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—ഗുരുദക്ഷിണപ്പാട്ട് | 0 | 7 | 0 |
| No. 2—ശതമുഖരാമായണം (കിളിപ്പാട്ട്) | 0 | 7 | 0 |
| No. 3—ഭദ്രോത്പത്തി (കിളിപ്പാട്ട്) | 0 | 10 | 0 |
| No. 4—പാർവ്വതീപരിണയം (കിളിപ്പാട്ട്) | 0 | 12 | 0 |
| No. 5—പടപ്പാട്ട് (കിളിപ്പാട്ട്) | 0 | 14 | 0 |
| No. 6—കല്യാണസൌഗന്ധികം (ഭാഷാചമ്പു) | 0 | 6 | 0 |
| No. 7—പ്രഹ്ലാദചരിതം (ഹംസപ്പാട്ട്) | 0 | 5 | 0 |
| No. 8—ഗിരിജാകല്യാണം (ഗീതപ്രബന്ധം) | 1 | 0 | 8 |
| No. 9—വ്യവഹാരമാല (സ്മൃതിഗ്രന്ഥം) | 3 | 1 | 8 |
| No. 10—ശ്രീമദ്ഭാഗവതം ഭാഷ (ഗദ്യം) ഒന്നാംവാല്യം | 1 | 0 | 8 |
| No. 11—കൃഷ്ണലീല (ഗീതപ്രബന്ധം) | 0 | 4 | 0 |
| No. 12—വിംശതി (സവ്യാഖ്യാനം) | 0 | 7 | 0 |
| No. 13—മോക്ഷദായകം (കിളിപ്പാട്ട്) | 0 | 8 | 0 |
| No. 14—ശ്രീമദ്ഭാഗവതം ഭാഷ (ഗദ്യം) രണ്ടാംവാല്യം | 1 | 7 | 10 |
| No. 15—ഭാഷാരാമായണചമ്പു (ബാലകാണ്ഡം) | 1 | 7 | 10 |
| No. 16—പാർവ്വതീപാണിഗ്രഹണം (ആര്യാവൃത്തം) | 0 | 4 | 0 |
| No. 17—നൈഷധം (ഭാഷ്യഭൂഷിതം) | 0 | 7 | 0 |
| No. 18—ശിഷ്ടോപദേശം (ഹംസപ്പാട്ട്) | 0 | 12 | 0 |
| No. 19—ഭാഷാരാമായണചമ്പു (അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം) | 1 | 7 | 10 |
| No. 20—ഭാഷാരാമായണചമ്പു (സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം) | 1 | 7 | 10 |
| No. 21—വിഷ്ണുഗീത (ഹംസപ്പാട്ട്) (രണ്ടാംപതിപ്പ്) | 0 | 14 | 0 |
| No. 22—തത്ത്വമസിവ്യാഖ്യാനവും തത്ത്വമസിമഹാവാക്യക്കട്ടിളയും | 0 | 4 | 0 |
| No. 23—ബ്രഹ്മാനന്ദവിവേകസമുച്ചയം | 0 | 4 | 0 |
| No. 24—കണ്ണശ്ശഭാരതം (ഒന്നാംഭാഗം) | 0 | 14 | 4 |
| No. 25—രണ്ടുഭാഷാചമ്പുക്കൾ | 0 | 4 | 0 |

# ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

| | | രു. | ച. | കാ. |
|---|---|---|---|---|
| No. | 1—വൈദ്യമഞ്ജരി | 1 | 7 | 10 |
| No. | 2—ജാതകപദ്ധതി (സവ്യാഖ്യാനം) | 0 | 21 | 0 |
| No. | 3—ഭാഷാജാതകപദ്ധതി | 1 | 0 | 8 |
| No. | 4—പ്രശ്നഭാഷ | 0 | 5 | 0 |
| No. | 5—മുഹൂർത്തപദവി (സവ്യാഖ്യാനം) | 0 | 10 | 0 |
| No. | 6—ബാലശങ്കരം (പൂർവ്വഭാഗം) | 0 | 14 | 0 |
| No. | 7—ആര്യഭടീയം ഗീതികാപാദം (സവ്യാഖ്യാനം) | 0 | 4 | 0 |
| No. | 8—രസവൈശേഷികം (വൈദ്യം) (ഭാഷ്യസഹിതം) | 2 | 1 | 0 |
| No. | 9—ജ്യോത്സ്നിക (വിഷവൈദ്യം) | 0 | 14 | 0 |
| No. | 10 തന്ത്രയുക്തിവിചാരം (വൈദ്യം) | 0 | 10 | 11 |
| No. | 11—പ്രശ്നസാരം | 0 | 14 | 0 |
| No. | 12—കൌടലീയം | 1 | 0 | 8 |
| No. | 13—ബാലശങ്കരം (മധ്യമഭാഗം) | 2 | 1 | 0 |
| No. | 14—നാരായണീയം (സവ്യാഖ്യാനം) | 4 | 2 | 0 |
| No. | 15—ബാലശങ്കരം (അന്തിമഭാഗം) | 0 | 10 | 0 |
| No. | 16—അഷ്ടാംഗസാരം | 0 | 4 | 0 |